**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള 340– ശനിയാഴ്ച തോറും**

**ഒക്ടോബർ 5, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നത്

# CONNECTING WITH INNER SAI

പ്രഫസർ അനിൽകുമാർ കാമരാജു, അവിടുത്തെ സന്ദേശങ്ങളും ദൗത്യവും പ്രചരിപ്പിക്കുന്നതിനായി, ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം ഇന്ത്യയിലും വിദേശത്തും ധാരാളം യാത്രകൾ ചെയ്യുകയും എണ്ണമറ്റ ചോദ്യങ്ങൾക്ക് സ്വാമിയുടെ ദിവ്യ പ്രഭാഷണങ്ങളുടെയും ഭഗവാനുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപഴകലിന്റെയും അടിസ്ഥാനത്തിൽ മറുപടി നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രധാനമായി, ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന് പ്രഫസർ അനിൽകുമാർ നമുക്ക് ഫലപ്രദമായ മാർഗനിർദ്ദേശം തരുന്നു.

**Q: ബാബ എന്റെ പ്രഭാതനടത്തയ്ക്ക് എന്നോടൊപ്പം വരുമോ?**

പ്രഫ. അനിൽകുമാർ: ഈ ചോദ്യത്തിന് ഞാൻ എന്തു മറുപടി പറയാനാണ്?



ഇപ്രകാരം വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു, “മി. അനിൽകുമാർ, താങ്കൾ താങ്കളുടെ പ്രഭാഷണത്തിൽ പറഞ്ഞത് ബാബയ്ക്ക് നടക്കാനിഷ്ടമാണ് എന്നാണ്. പക്ഷേ ബാബയ്ക്ക് നടക്കാനാവില്ല, എന്തെന്നാൽ പുരുഷാരം അവിടുന്നിനു പുറകെ ഓടും. അവിടുന്നിന് നടക്കാൻ ആവശ്യത്തിനു സ്ഥലമുണ്ടാവില്ല, എന്നാൽ എനിക്കുറപ്പുണ്ട്, എനിക്ക് അവിടുന്നിനെ എനിക്കൊപ്പം പ്രഭാതനടത്തയ്ക്ക് കൂടെ കൊണ്ടുപോവാനാവും. താങ്കൾ എന്റെ ചോദ്യത്തിന് ദയവുചെയ്ത് മറുപടി തരുമോ?”

ശരി, എനിക്ക് മറുപടിയില്ല. സ്വാമി എന്റെ കൂടെ ഒരു പ്രഭാതനടത്തയ്ക്ക് വരുമോ? ആ ചോദ്യം ഉന്നയിക്കുന്നതിനു പകരം, സ്വാമി താങ്കളുടെ ഉള്ളിൽ ഉണ്ടെന്ന്

താങ്കൾക്ക് ബോധ്യമുണ്ടെങ്കിൽ, നടക്കുന്നതും അവിടുന്നാണെന്ന് താങ്കൾക്ക് തിരിച്ചറിയാൻ കഴിഞ്ഞേനേ. എന്റെ ഉള്ളിലുള്ള സ്വാമിയാണ് കഴിക്കുന്നതും. എന്റെ ഉള്ളിലുള്ള സ്വാമിയാണ് ഓരോന്നും ചെയ്യുന്നത്. എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയാണിത്. രക്ഷപ്പെടുന്നതിനോ ഒഴിഞ്ഞുമാറുന്നതിനോ വേണ്ടി ഞാൻ ശ്രമിക്കുന്ന ഒരു മറുപടിയല്ല ഇത്. വളരെ ലളിതമായ ഒരു ദൃഷ്ടാന്തം ഞാൻ തരാം.

ഞങ്ങളെല്ലാവരും തിരക്കിട്ട് കഴിച്ചുകൊണ്ടിരിക്കുമ്പോൾ, ഭഗവാൻ ഒന്നുംതന്നെ കഴിക്കുന്നില്ല. അത് വളരെ ജാള്യതയുണ്ടാക്കുന്നതായിരുന്നു.

ഞാൻ പറഞ്ഞു, “സ്വാമീ, അവിടുന്നെന്താണ് കഴിക്കാത്തത്? ഞങ്ങൾ കഴിക്കുമ്പോൾ, അവിടുന്നെന്താണ് കഴിക്കാതിരിക്കുന്നത്? അവിടുന്നിനെ ഞാൻ ഇങ്ങനെ കാണുമ്പോൾ എനിക്ക് കഴിക്കണമെന്നു തോന്നുന്നില്ല.”



അപ്പോൾ ബാബ പറഞ്ഞു, “നിങ്ങളെല്ലാവരും കഴിക്കുമ്പോൾ, അത് എന്നിലേക്കാണ് വരുന്നത്. ഡൈനിംഗ് ടേബിളിൽ നിങ്ങളുടെ പ്രാർത്ഥന എന്താണ്?”

(അനിൽകുമാർ പാടാൻ തുടങ്ങുന്നു) അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിത:...ഞാൻ നിങ്ങളുടെ ശരീരത്തിലുണ്ട്. നിങ്ങൾ കഴിക്കുന്ന എല്ലാ ആഹാരവും എന്നിലേക്കു വരുന്നുണ്ട്. അതുകൊണ്ട്, നിങ്ങൾ കഴിക്കുമ്പോൾ ഞാനെന്തിന് കഴിക്കണം?
നിങ്ങൾ നടക്കുമ്പോൾ, ബാബ പ്രത്യേകമായി നടക്കേണ്ട ആവശ്യമില്ല. എനിക്ക് നൽകാനാവുന്ന ഉത്തരം അതാണ്.

**Q: ഭഗവാനുമൊത്ത് ആഹാരം കഴിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? അവിടുത്തെ ബെഡ്റൂമിനോടു ചേർന്നുള്ള മുറിയിൽ ഉറങ്ങുന്നതിന്? അവിടുന്നുമൊത്ത് അവിടുത്തെ കാറിൽ പോകുന്നതിന്? അവിടുത്തെ മാതാവിനെയും മുത്തച്ഛനെയും പോലെ, ശാന്തമായ ജീവിതാന്ത്യം ലഭിക്കുന്നതിന്?**

പ്രഫ. അനിൽകുമാർ: എനിക്കു ലഭിച്ച ചോദ്യങ്ങളാണിവ. മറുപടി ഇതാ, സോദരാ.

അവിടുത്തെ കാറിൽ പോകുക, അവിടുന്നുമൊത്ത് ആഹാരം കഴിക്കുക, അല്ലെങ്കിൽ അവിടുത്തെ തൊട്ടടുത്തുള്ള മുറിയിൽ ഉറങ്ങുക ഇവയൊക്കെ ശാരീരികമായ പ്രവൃത്തികളാണ്. കാറിൽ ഡ്രൈവറും നിങ്ങൾക്കൊപ്പമുണ്ടാവും. ഡ്രൈവർ ഒരു വിശുദ്ധനോ മഹർഷിയോ ആണെന്ന് ഞാൻ കരുതുന്നില്ല.

ഡൈനിംഗ് റൂമിൽ, നിങ്ങൾക്ക് പാചകക്കാരെയും വിളമ്പുകാരെയും കാണാം. അവർ വിശുദ്ധരോ മഹർഷിമാരോ ആണെന്ന് ഞാൻ കരുതുന്നില്ല. ഞാനങ്ങനെ കരുതുന്നില്ല. കെട്ടിടത്തിൽ വാച്ച്മാനുണ്ട്. എനിക്ക് അയാളുടെ പാദത്തിൽ നമസ്കരിക്കണമെന്ന് ആഗ്രഹം തോന്നാറില്ല.



To the question, 'Where is God?' the answer is given in verse 14 of Chapter 15 of the Gita – '*Aham Vaiswanaro Bhutva*' - which declares that the Lord dwells in everyone as *Vaiswanara* (the digestive fire and digests the different kinds of food that is consumed).

അപ്പോൾ, ഇതെല്ലാം കൃപയുടെ ഭൗതിക പ്രവൃത്തികളാണ്. അവ വിശേഷാനുകൂല്യങ്ങളാണ്. അവ മഹത്തായ, സുവർണ്ണ അവസരങ്ങളാണ്. ഞാൻ അവയെ വിലകുറച്ചു കാണുന്നില്ല. എന്നാൽ അവ അഹന്തയിലേക്കാണ് നയിക്കുന്നതെങ്കിൽ, അവ നിങ്ങളെ അഹംഭാവികളാക്കുന്നുവെങ്കിൽ, അവ പരസ്യത്തിനും പ്രചരണത്തിനുമുള്ള പ്രവൃത്തികളാണെങ്കിൽ, അവ ശരിക്കും നിങ്ങളെ നാശത്തിലേക്ക് കൊണ്ടുപോവും.

അല്ല! ഇവ നിങ്ങളെ കൂടുതൽ ആദ്ധ്യാത്മികമാവുന്നതിന് സഹായിച്ചാൽ, കൂടുതൽ ഉയരത്തിൽ, ആഴത്തിൽ, തീവ്രതയോടെ സാധന ചെയ്യുന്നതിന് നിങ്ങളെ സഹായി

ച്ചാൽ, അപ്പോൾ അതൊരു വരമാവും. പക്ഷേ അത് നിങ്ങളെ അഹംഭാവിയായ മനുഷ്യനാക്കിയാൽ, അപ്പോൾ അതൊരു ശാപമാവും. ഈ ശാരീരിക പ്രവൃത്തികൾ നിങ്ങളെ മന:ശാസ്ത്രപരമായ, നിങ്ങളുടെ ജീവിതത്തിലുടനീളം ഭഗവാനുമായി മാനസികം/വികാരപരമായ, ഒരു ഐക്യത്തിലേക്ക് കൊണ്ടുപോവണം, നിങ്ങൾ എവിടെ പോയാലും.

നിങ്ങളുടെ തൊട്ടടുത്തുള്ള മനുഷ്യൻ ബാബയാണെന്ന് നിങ്ങൾക്കു തോന്നുന്നുവെങ്കിൽ, അവിടുന്നുമൊത്തുള്ള ജീവിതമാണ് അത്. ഈശ്വരനോട് പ്രാർത്ഥിച്ചിട്ട് നിങ്ങൾ കഴിക്കാൻ തുടങ്ങിയാൽ, അത് അവിടുന്നുമൊത്തുള്ള ആഹാരമാകുന്നു. നിങ്ങൾ കാറിൽ യാത്ര ചെയ്യുമ്പോൾ ബാബ ഭജനുകൾ കേൾക്കുന്നുണ്ടെങ്കിൽ, നിങ്ങൾ അവിടുന്നുമൊത്ത് യാത്ര ചെയ്യുകയാണ്. ബാബ പറയുന്നു, "എവിടെയൊക്കെയാണോ എന്റെ മഹിമ കീർത്തിക്കുന്നത്, ഞാൻ അവിടെ സ്വയം പ്രതിഷ്ഠിതനാകുന്നു." നാം എപ്പോളൊക്കെ ഭജന പാടുന്നുവോ, നാം അവിടുന്നിനൊപ്പമാണ്. നാം എപ്പോളൊക്കെ അവിടുന്നിനെക്കുറിച്ച് ചിന്തിക്കുന്നുവോ, നാം അവിടുന്നിന്റെ ഒപ്പമാണ്. എപ്പോളൊക്കെ നാം ആഹാരം സമർപ്പിക്കുന്നുവോ, നാം അവിടുന്നിനൊപ്പം കഴിക്കുകയാണ്. ഒരുവന് ഉണ്ടായിരിക്കേണ്ട അഥവാ ഒരുവൻ അതിയായി കാംക്ഷിക്കേണ്ട ആദ്ധ്യാത്മിക, അതീന്ദ്രിയ, നിഗൂഢാനുഭവം അതാവണം.

**Q: പ്രഭാഷകർ എല്ലായ്പോഴും അവരുടെ ഇന്റർവ്യൂകളെപ്പറ്റിയും ഒരു ദർശനവേളയിൽ സ്വാമി അവരെ അവഗണിക്കുന്നതുമൂലം അവർക്കുണ്ടായ മനോവിഷമത്തെപ്പറ്റിയും ഞങ്ങളോട് പറയാറുണ്ട്. ഞങ്ങളിൽ മിക്കവർക്കും വ്യക്തിഗത ഇന്റർവ്യൂകൾ ലഭിച്ചിട്ടില്ല. സ്വാമി നമ്മോട് പറയാറുള്ളത്, ഇന്റർവ്യൂകളല്ല തേടേണ്ടത്, ഇന്നർ-വ്യൂക(inner-views)ളാവണം എന്നാണ്, അപ്പോൾ പ്രഭാഷകർ മിക്കവരും റിട്രീറ്റുകളിൽ ഇന്നർ-വ്യൂവിനു പകരം ഇന്റർവ്യൂകളെപ്പറ്റി ഞങ്ങളോട് പറയുന്നതെന്തിനാണ്?**

പ്രഫ. അനിൽകുമാർ: വളരെ സത്യസന്ധമായ ചോദ്യമാണിത്. ഇതൊരു തുറന്ന ചോദ്യമാണ്, എനിക്കിത് ഇഷ്ടമായി.

മിക്ക പ്രഭാഷകരും അവർക്ക് സ്വാമിയുമായി ഉണ്ടായിട്ടുള്ള വൈയക്തികമായ അനുഭവങ്ങളെപ്പറ്റിയാണ് സംസാരിക്കാറുള്ളത്. ഇത് ശരിക്കും അപകടമുണ്ടാക്കുന്നതാണ്.

ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ, നീണ്ട ഏഴു കൊല്ലക്കാലം എനിക്ക് സ്വാമിയുടെ അരികത്തുപോലും ചെല്ലാൻ കഴിഞ്ഞിട്ടില്ല.

ആ വനവാസകാലത്ത്, ആ നീണ്ട പ്രൊബേഷൻ കാലയളവിൽ, ഞാൻ എന്താണ് ചെയ്തതെന്നോ? ഞാൻ ചെയ്തത്, സ്വാമിയെ ഒരുവട്ടം സന്ദർശിച്ചിട്ട് തിരികെ യെത്തിയ ഉടനെ, 15 ദിവസക്കാലത്തേക്ക് സായി ഭക്തരെ ഞാൻ ഒഴിവാക്കി.

എന്തിന്? ഓരോ ഭക്തനും അടുത്തുവന്നിട്ട് പറയും, ''താങ്കൾക്ക് ഇന്റർവ്യൂ ലഭിക്കുക യുണ്ടായോ? താങ്കൾക്ക് പാദനമസ്കാരം ലഭിച്ചോ?''

ആളുകൾ പല കാര്യങ്ങളാണ് പറയുക, ''എനിക്ക് വിഭൂതി കിട്ടി.'' ''ബാബ എനിക്കു തന്നതാണ് ഈ മോതിരം.''

പരീക്ഷയ്ക്കു തോറ്റ ഒരു വിദ്വാൻ പറയുകയാണ്, ''എനിക്കൊരു സ്വർണ മെഡൽ കിട്ടി.''

ഇത്തരം കാര്യങ്ങളൊന്നും കിട്ടാത്ത ആളുകൾ പറയും, ''അപ്പോൾ താങ്കൾക്ക് അതു കിട്ടി. എന്തുകൊണ്ട് താങ്കൾ എന്നോട് പറ ഞ്ഞില്ല? എനിക്കത് കിട്ടിയില്ല. അതുകൊണ്ട് എനിക്ക് വിഷമമായി. താങ്കൾ എന്തിനാണ് എരിതീയിൽ എണ്ണയൊഴിക്കുന്നത്?''




ഇത്തരത്തിലുള്ള പരസ്യവും ഷോ ബിസി നസ്സും ഒഴിവാക്കപ്പെടണം. ഭഗവാൻ കൃപയുടെ സമ്മാനങ്ങളാൽ നിങ്ങളെ അനുഗ്രഹിക്കും, പക്ഷേ പരസ്യത്തിനായല്ല. അത് തികച്ചും വ്യക്തിഗതമാണ്. എന്നാൽ നമ്മളിതു ചെയ്യുന്നത് നമ്മുടെ ഈഗോ കാരണത്താലാ ണ്. ഈഗോ സംഘടനയെ നശിപ്പിക്കും. ഇതല്ല ഉദ്ദേശ്യം. വ്യക്തിഗതമായ കാര്യങ്ങൾ എല്ലാവരു മായും പങ്കിടുവാനുള്ളതല്ല, അവയ്ക്കു പുറ കിൽ ഒരു സന്ദേശം ഇല്ലാത്തിടത്തോളം. നിങ്ങളുടെ വൈയക്തികമായ അനു ഭവത്തിനു പിന്നിൽ എന്തെങ്കിലുമൊരു സന്ദേശം ഉണ്ടെങ്കിൽ, ശരി, ദയവായി അത് പങ്കുവയ്ക്കുക.

ആളുകൾ ഇതൊക്കെ പറയുന്നത് എന്തുകൊണ്ടെന്നാൽ, അവർക്ക് മറ്റൊന്നുംതന്നെ പറയുവാനില്ലാത്തതാണ്. അവിടുത്തെ സന്ദേശം അവർക്ക് പരിചിതമല്ല; അവിടുത്തെ വീക്ഷണവുമായി അവർക്ക് പരിചയമില്ല. അതുകൊണ്ട് അവർ അവരുടെ വൈയക്തി കാനുഭവങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കും.

"ദയവായി അവരോട് ക്ഷമിക്കുക, പിതാവേ, അവർ ചെയ്യുന്നതെന്തെന്ന് അവരറിയു ന്നില്ല. അവരോട് ക്ഷമിക്കേണമേ."

നമുക്ക് പറയാനാവുന്ന പ്രാർത്ഥന അതാണ്. ഏറെക്കാലം ഞാനും അതുപോലെയാ യിരുന്നു, ഇപ്പോളത് എനിക്കറിയാം.

**Q: തിരക്കിട്ട ജോലിക്കിടയിൽ, ഞാനെങ്ങനെ ഈശ്വരനുമായി ബന്ധപ്പെടാ നാണ്? ചില ആളുകൾക്ക് അവരുടെ ജോലിസ്ഥലത്ത് എത്തുന്നതിന് മണിക്കൂറു കളോളം ഡ്രൈവ് ചെയ്യണം. പ്രവൃത്തിദിവസത്തിന്റെ അവസാനം, കൂടുതൽ മണിക്കൂറുകളോളം ഡ്രൈവ് ചെയ്ത് തളർന്നാവും അവർ മടങ്ങുക. ഈ തിര ക്കുള്ള ജീവിതത്തിൽ, ഞാനെങ്ങനെ ഈശ്വരനുമായി ബന്ധം സ്ഥാപിക്കാനാണ്?**

പ്രഫ. അനിൽകുമാർ: ഇതൊരു പ്രശ്നമാണ് എന്നും. എന്നിരുന്നാലും മറുപടി ലളി തമാണ്. "അല്ലയോ ഭഗവാനേ, ഞാനൊരു ഉപകരണം(instrument) മാത്രമാണ്. ഞാൻ എന്തു ചെയ്യണമോ അത് അവിടുന്ന് എന്നെക്കൊണ്ട് ചെയ്യിക്കുന്നു. ഞാനൊരു ഉപ കരണം മാത്രമാണ്. അതെന്റെ ഓഫീസ് ജോലിയാവാം, ഞാൻ എന്റെ കാർ ഡ്രൈവ് ചെയ്യുന്നതാവാം. അതെ, സ്റ്റിയറിംഗ് വീലിനു പുറകിലിരുന്ന് നിങ്ങളോടുതന്നെ പറ യുക, "അല്ലയോ ഭഗവാനേ, അവിടുത്തെ ഇച്ഛയ്ക്കനുസരിച്ചാണ് ഞാൻ ഡ്രൈവ് ചെയ്യുന്നത്." "അല്ലയോ ഭഗവാനേ, അവിടുത്തെ നിർദ്ദേശമനുസരിച്ചാണ് ഞാൻ കംപ്യൂട്ടറിൽ ജോലി ചെയ്യുന്നത്." അല്ലെങ്കിൽ, "ഞാനൊരു ഡോക്ടറാണ്, അതു കൊണ്ട് ഞാൻ അവിടുത്തെ ഉപകരണമാണ്."

ശരണാഗതഭാവത്തോടെ നിങ്ങൾ ജോലി ചെയ്യുമ്പോൾ, നിങ്ങൾ കേവലം ഈശ്വരനുമായി ബന്ധപ്പെടുകയല്ല. അല്ല. നിങ്ങൾ ഈശ്വരനിലാണ്, ഈശ്വരനുമായി ബന്ധപ്പെടുകയല്ല. ബന്ധപ്പെടുകയെന്നത് ഈശ്വരനിലായിരിക്കുന്നതിൽനിന്ന് വ്യത്യസ്തമാണ്. എവിടെയാണോ ഒരു ബന്ധം(link) ഉള്ളത്, അവിടെ ബന്ധമില്ലായ്ക(de-link)യും ഉണ്ട്-ലിങ്കിംഗും ഡീ-ലിങ്കിംഗും, വിച്ഛേദിക്കലും പുന:സ്ഥാപിക്കലും. എന്നാൽ നിങ്ങൾ ഈശ്വരനിലാവുമ്പോൾ, ആർക്കും നിങ്ങളെ പുറത്താക്കാനാവില്ല, എന്തെന്നാൽ ഈശ്വരൻ എല്ലായിടത്തുമുണ്ട്.




അതുകൊണ്ട്, എന്റെ സുഹൃത്തുക്കളേ, സ്ഥിരമായ നാമസ്മരണയോടെ ഈശ്വരനിൽ ജീവിക്കുകയെന്നത് തികച്ചും സാധ്യമാണ്. ഇതിനെയാണ് സ്വാമി സ്ഥിര ഉദ്ഗ്രഥിതാവബോധം(Constant Integrated Awareness) എന്നു വിളിക്കുന്നത്. ഇതാണ് സ്ഥിര ഉദ്ഗ്രഥിതാ അവബോധം-അവിടുത്തെ അനുപമമായ മഹിമ, അവിടുത്തെ നാമം സ്മരിച്ചുകൊണ്ട്. അതുകൊണ്ട്, അപ്പോൾ നിങ്ങൾ എല്ലായ്പോഴും ഈശ്വരനിൽ പ്രതിഷ്ഠിതനാണ്, നിറയെ അവബോധത്തോടെ.

പ്രഫസർ അനിൽകുമാർ നമ്മെ ആഹ്വാനം ചെയ്യുന്നതും സ്വാമിയുടെ പ്രബോധനങ്ങളെയും തന്റെ സ്വന്തം അനുഭവങ്ങളെയും അടിസ്ഥാനമാക്കി നമുക്ക് മാർഗനിർദ്ദേശം തരുന്നതും തുടരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി.
ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (*Seeking Within* പേജ് 20-24)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)